അദ്ധ്യാപക രക്ഷാകർത്തൃ സമിതി വാർഷിക റിപ്പോർട്ട് - 2024

റിപ്പോർട്ട്

2024 മാർച്ച് 26 ന് ചേർന്ന അദ്ധ്യാപക രക്ഷാകർത്തൃ സമിതി പൊതുയോഗം, കോളേജ് പ്രിൻസിപ്പൽ പ്രസിഡണ്ട് ആയ പി.റ്റി. എ നിർവ്വാഹക സമിതിയിലേക്ക് പി.റ്റി. എ സെക്രട്ടറി ആയി ശ്രീ. സിജോ മാത്യു , എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ആയി ശ്രീ . രെഞ്ജിമോൻ കെ. എസ്, ശ്രീമതി. ദീപ രമേശ്, ശ്രീമതി അനിജ സുനിൽ, ഡോ. ഷീബ എം , ഡോ. ഷൈനി കെ. ജെ, ശ്രീ. സനൽ രാജ് , ഡോ. ശിവപ്രസാദ് ജി. എന്നിവരെ തിരഞ്ഞെടുത്തു.

2024 - 2025 അക്കാദമിക വർഷം കോളേജിൻറെ അടിസ്ഥാന വികസ പ്രവർത്തനങ്ങളിലും, വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട പഠന പഠനേതര വിഷയങ്ങളിലും മികച്ച സഹകരണം നൽകുവാൻ പി.റ്റി. എ ക്ക് സാധിച്ചു.

പി.റ്റി. എ ഈ വർഷം സഹകരിച്ച പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ ഈ വർഷം മുതൽ നിലവിൽ വന്ന നാല് വർഷ ഡിഗ്രി പ്രോഗ്രാമിന്റെ പ്രത്യേകതകളും ഘടനയും അദ്ധ്യാപകർക്ക് പരിചപ്പെടുത്തുന്നതിനായ് ജൂലൈ മാസം നാലാം തിയതി ടീച്ചേഴ്സിന് ഒരു orientation പ്രോഗ്രാം IQAC യുമായി സഹകരിച്ച് സംഘടിപ്പിച്ചു. നാല് വർഷ ഡിഗ്രി പ്രോഗ്രാമിന്റെ ഉത്ഘാടനം വിജ്ഞാനോത്സവം 2024 വളരെ ഭംഗിയായി ഓർഗനൈസ് ചെയ്യുന്നതിന് മുൻകൈ എടുത്തു. അന്നേ ദിവസം വന്നു ചേർന്ന ഒന്നാം വർഷ വിദ്യാർഥികൾക്കും മാതാപിതാക്കൾക്കും പി.റ്റി.എ യുടെ നേതൃത്വത്തിൽ ഉച്ച ഭക്ഷണവും ലഘു ഭക്ഷണ പാനീയങ്ങളും വിതരണം ചെയ്യുകയുണ്ടായി.

ഒക്ടോബർ മാസം 8 ന് IQAC യുമായി ചേർന്ന് ഒന്നാം വർഷ ബിരുദ വിദ്യാർഥികൾക്കായി 'ENRICH 2024' എന്ന പേരിൽ Orientation programme സംഘടിപ്പിച്ചു.

കോളേജ് യൂണിയൻ ഇലക്ഷൻ നടത്തുന്നതിനുള്ള ചിലവുകൾ പി.റ്റി.എ വഹിച്ചു. കോളേജ് യൂണിയൻ കലാപ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക പിന്തുണ

നൽകി. കോളേജ് ഓഫീസ് എക്സാം സംബന്ധിയായ ചിലവുകൾ , ഇന്റർനെറ്റ് ബില്ല് എന്നിവയ്ക്ക് സാമ്പത്തിക സഹായം നല്കി.

ഇതിനു പുറമെ കോളേജിലെ വിവിധ അടിസ്ഥാന സൗകര്യ വികസനത്തിനും, പരിപാലനത്തിനും പി.റ്റി. എ നേതൃത്വം നൽകി. അവ ചുവടെ ചേർക്കുന്നു.

1. കോളേജ് ഓഡിറ്റോറിയം, സെമിനാർ ഹാൾ, കോൺഫറൻസ് ഹാൾ എന്നിവടങ്ങളിലെ PUBLIC ADDRRESS SYSTEM, SOUND MIXERS എന്നിവ റിപ്പയർ ചെയ്തു പ്രവർത്തനക്ഷമമാക്കി.
2. കോളേജിലെ വിവിധ ഡിപ്പാർട്ട്മെന്റുകൾ, ഓഫീസ്, കോഓപ്പറേറ്റീവ് സൊസൈറ്റി, ലൈബ്രറി, കാൻടീൻ എന്നിവിടങ്ങളിലെ ഇലക്ട്രിക്കൽ, പ്ലമ്പിങ്ങ് സംബന്ധിയായ പ്രശ്നങ്ങൾ തീർക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു.
3. KIFBI പദ്ധതിയുടെ കീഴിൽ കോളേജിനു ലഭ്യമായ 'D' ബ്ലോക്കിലെ ഡിപ്പാർട്ടുമെന്റുകൾക്ക് ആവശ്യം വേണ്ട അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം നൽകി.
4. കോളേജ് ക്യാമ്പസ്, ലേഡീസ് ഹോസ്റ്റൽ പരിസരം എന്നിവിടങ്ങളിൽ അപകടരമായ അവസ്ഥയിൽ നിന്നിരുന്ന വൃക്ഷ ശിഖരങ്ങൾ മുറിച്ച് മാറ്റുകയും, ചെറുകാടുകൾ നീക്കം ചെയ്യുകയും ചെയ്തു.
5. കോളേജ് ഓഫീസിലേക്കും, വിവിധ ഡിപ്പാർട്ടുമെന്റുകളിലേക്കും ആവശ്യപ്പെടുന്നതിനനുസരിച്ച് 20 L കുടിവെള്ള കുപ്പികൾ വാങ്ങി നൽകി.
6. 2024 – 2025 അക്കാദമിക വർഷത്തെ STUDENTS ID CARDS തയ്യാറാക്കി നൽകി.
7. JEEVANI കൗൺസിലേഴ്സിന്റെ INTERVIEW നു സാമ്പത്തിക സഹായം നല്കി.
8. കോളേജ് ലൈബ്രറിയിലേക്ക് NLIST പുതുക്കുന്നതിന് സാമ്പത്തിക സഹായം നല്കി.

9. General election 2024 നു കൗണ്ടിംഗ് സെന്റർ ആയി വിട്ടു നൽകിയതിന്റെ ഭാഗമായി നമ്മുടെ കോളേജിലെ ലൈബ്രറി, പുതിയ വനിതാ ഹോസ്റ്റൽ, ഡി ബ്ലോക്ക് എന്നിവയ്ക്കുണ്ടായ കേടുപാടുകൾ തീർക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകി.
10. General election 2024 നു ശേഷം കോളേജ് ഗ്രൗണ്ട് ലെവൽ ചെയ്യുന്നതിന് ജെസിബി വർക്ക് നടത്താൻ സാമ്പത്തിക സഹായം നൽകി.
11. ദേശീയ, സംസ്ഥാന, യൂണിവേഴ്സിറ്റി തലത്തിലുള്ള വിവിധ കായിക ഇനങ്ങളിൽ പങ്കെടുക്കുന്നതിന് വിദ്യാർഥികൾക്ക് സാമ്പത്തിക സഹായം നൽകി.
12. കോളേജിലെ ജനറേറ്റർ റിപ്പയറിംഗിനും സർവീസിങ്ങിനും സാമ്പത്തിക സഹായം നൽകി.
13. ബിരുദ ബിരുദാനന്ദ തലത്തിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് internal എക്സാം നടത്തുവാനുള്ള സ്റ്റേഷനറി ഐറ്റംസ് വാങ്ങാൻ സാമ്പത്തിക സഹായം നൽകി.
14. കോളേജിലെ സെക്യൂരിറ്റി ജീവനക്കാരനുള്ള ശമ്പളം നൽകി വരുന്നു.
15. കോളേജ് ഓഫീസിലെ ജീവനക്കാർ ഓഫീസ് ആവശ്യങ്ങൾക്കായി പോകുമ്പോൾ അവർക്കുള്ള യാത്ര ചിലവുകൾ നൽകുന്നു, കൂടാതെ ഓഫീസിലേക്ക് ആവശ്യമുള്ള സ്റ്റേഷനറി ഐറ്റംസ്, റബ്ബർ സ്റ്റാമ്പ് മുതലായവ വാങ്ങി നൽകി.
16. നമ്മുടെ കോളേജിലെ പ്രധാന ജല സ്രോതസ്സുകളായ ബോർവെല്ലുകളിലെ പമ്പു ക്ലീൻ ചെയ്തു സർവീസ് ചെയ്യുന്നതിനും, പുതിയ ഒരു ബോർവെൽ കുഴിക്കുന്നതിനും അതിന്റെ സർവ്വേ നടത്തുന്നതിനും ആവശ്യമായ തുക അഡ്വാൻസ് ആയി നൽകി.
17. കോളേജിലെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖര മാലിന്യങ്ങൾ നീക്കം ചെയ്യുന്ന ഹരിത കർമ്മ സേനയ്ക്കുള്ള യൂസർ ഫീ നൽകി വരുന്നു.

18. എൻ. എസ്. എസ് ന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അഡ്വാൻസ് ആയി നൽകി.
19. എൻ. സി. സി. യുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അഡ്വാൻസ് ആയി നൽകി.
20. പുതിയ വനിതാ ഹോസ്റ്റലിൽ LT ഇലക്ട്രിക്ക് കണക്ഷൻ എടുക്കുന്നതിനായുള്ള തുക അഡ്വാൻസ് ആയി നൽകി.
21. ബോട്ടണി ഡിപ്പാർട്മെന്റിന്റെ ഭാഗമായ ബയോസ്റ്റാറ്റിസ്റ്റിക്സ് and ബയോഇൻഫർമാറ്റിക്സ് ലാബ് സെറ്റ് ചെയ്യുന്നതിനാവശ്യമായ തുക അഡ്വാൻസ് ആയി നൽകി.
22. കോളേജ് ലൈബ്രറിയിലേക്ക് പുതിയ ഇന്റർനെറ്റ് കണക്ഷൻ എടുക്കുന്നതിനും, പഴയ ബുക്കുകൾ മാറ്റി ലൈബ്രറി ക്ലീൻ ചെയ്യുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകി.
23. കോളേജിലെ വിവിധ ബ്ലോക്കുകളിയായി സ്ഥാപിച്ചിട്ടുള്ള വാട്ടർ പ്യൂരിഫയെർസ് സർവീസ് ചെയ്തു.
24. D ബ്ലോക്കിലെ ഭിത്തികൾക്ക് ഇടയിലൂടെ ഉണ്ടായിരുന്ന മഴവെള്ള ചോർച്ച ഒഴിവാക്കുന്നതിനുള്ള ജോലികൾ നടത്തി.
25. കോളേജിലെ വിവിധ കെട്ടിടങ്ങളിലെ ഡെയിലി ക്ലീനിങ്ങിനു ആവശ്യമായ സാനിറ്ററി ഐറ്റംസ് വാങ്ങി നൽകി.
26. IQAC പ്രിന്ററുകൾ സർവീസ് ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകി.
27. കോളേജ് ഹോസ്റ്റലിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അഡ്വാൻസ് ആയി നൽകി.
28. കോളേജിലെ വിവിധ സയൻസ് ഡിപ്പാർട്മെന്റുകൾക്കു പ്രാക്ടിക്കൽ എക്സാം നടത്തുന്നതിന് ആവശ്യമായ തുക അഡ്വാൻസ് ആയി നൽകി.
29. വിവിധ ഡിപ്പാർട്മെന്റുകൾക്ക് ആവശ്യമായ സ്റ്റുഡന്റ്സ് attendance റെജിസ്റ്ററുകൾ പ്രിന്റ് ചെയ്തു നൽകി.

30. അദ്ധ്യാപകരുടെ TDS consulting ഫീസ് collect ചെയ്തു ചാർട്ടേർഡ് അക്കൗണ്ടന്റിനു നൽകി.

കോളേജിലെ അടിസ്ഥാന സൗകര്യ വികസനത്തിനും വിദ്യാർത്ഥികളുടെ ഉന്നതിക്കും വേണ്ട കാര്യങ്ങൾ പി.റ്റി.എ യുടെ പരിമിതമായ സാമ്പത്തിക അടിത്തറയിൽ നിന്നുകൊണ്ട് ചെയ്യുന്നതിന് പരമാവധി ശ്രമിച്ചിട്ടുണ്ട്. 2024 - 2025 അക്കാദമിക് വർഷം പി.റ്റി.എ യിലേക്ക് ലഭിച്ച എല്ലാ സബ്മിഷൻസും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചു.

റിപ്പോർട്ട് വർഷത്തിൽ 3 പി.റ്റി.എ എക്സിക്യൂട്ടീവ് യോഗങ്ങൾ ചേർന്നു. പി.റ്റി.എ യുടെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിനായി നിസ്വാർത്ഥമായി സഹകരിച്ച പി.റ്റി.എ പ്രസിഡന്റും കോളേജ് പ്രിൻസിപ്പാളും ആയ ഡോ .ആർ . പ്രഗാഷ് , വൈസ് പ്രിൻസിപ്പാൾ ശ്രീ. എം.എസ് സോമരാജൻ, പി.റ്റി.എ എക്സിക്യൂട്ടീവ് മെമ്പേഴ്സ് , ഡോ. ഷൈനി കെ.ജെ , ഡോ. ഷീബ എം. , ഡോ. ശിവപ്രസാദ് ജി., ശ്രീ സനൽ രാജ് രക്ഷാകർതൃ പ്രതിനിധികളായ ശ്രീ. രെഞ്ചുമോൻ, ശ്രീമതി ദീപ രമേശ് , ശ്രീമതി അനിജ സുനിൽ , പി.റ്റി. എ 2024 - 2025 വർഷത്തെ അക്കൗണ്ട് ഓഡിറ്റ് ചെയ്ത് തന്ന കോമേഴ്സ് വിഭാഗം അദ്ധ്യാപകൻ ശ്രീ. മഹേഷ് എം.റ്റി എന്നിവർക്കും , പി.റ്റി.എ യുടെ പ്രവർത്തനങ്ങളിൽ സഹകരിച്ച ഡോ. പ്രസന്ന രാജൻ (IQAC കോഓർഡിനേറ്റർ), ശ്രീ. സദാനന്ദൻ എ.കെ (ഫിസിക്സ് വിഭാഗം), ശ്രീ ചന്ദ്രൻ കൊമ്മത്ത് (പൊളിറ്റിക്കൽ സയൻസ് വിഭാഗം) ശ്രീമതി ദീപ രഘുകുമാർ (ഇക്കണോമിക്സ് വിഭാഗം), മറ്റ് എല്ലാ അദ്ധ്യാപകർക്കും രക്ഷാകർത്താക്കൾക്കും നന്ദി രേഖപ്പെടുത്തുന്നു.

പി.റ്റി.എ യുടെ പ്രവർത്തനങ്ങളിൽ സഹായിച്ച കോളേജ് ഓഫീസ് സൂപ്രണ്ട് ശ്രീ ബിജു വി. തമ്പി, ഹെഡ് അക്കൗണ്ടൻറ് ശ്രീ. അനീഷ് ഫിലിപ്പ് , ഓഫീസ് ജീവനക്കാരായ ശ്രീ. അരുൺ എ.കെ , ശ്രീ. അഭിലാഷ് അരവിന്ദ് , എന്നിവർക്കും പ്രത്യേകം നന്ദി.

പി.റ്റി.എ യുടെ പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാവരോടും സ്നേഹാദരങ്ങൾ അറിയിച്ചു കൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു

ഡോ . ആർ . പ്രഗാഷ്, (പി.റ്റി.എ പ്രസിഡൻറ്)

ശ്രീ. സിജോ മാത്യു , (പി.റ്റി.എ സെക്രട്ടറി)

കോട്ടയം

25/03/2025